38/DGE/HSE/NSS/2020

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
24/04/2020

## സർക്കുലർ

## മാസ്ക് ചലഞ്ച്

COVID-19 പ്രതിരോധ പ്രവർത്തങ്ങൾ നടന്നുവരുന്ന ഈ ലോക്ക് ഡൗൺ സമയത്ത് നിരവധി പ്രവർത്തനങ്ങൾ ചെയ്തു കൊണ്ട് നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ സജീവമാണല്ലോ.

ലോക്ക് ഡൗൺ പിൻവലിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ പത്താം ക്ലാസ്സിലെയും ഹയർ സെക്കണ്ടറി ക്ലാസ്സുകളിലെയും പരീക്ഷകൾ ആരംഭിക്കുന്നതിനാൽ നമ്മുടെ വിദ്യാർത്ഥികൾ പ്രോട്ടോക്കോൾ പാലിച്ച് പരീക്ഷയ്ക്ക് പങ്കെടുക്കേണ്ടതുണ്ട്. അതിനായി അവരെ സാഹായിക്കുവാൻ വേണ്ടി നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകളുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന മാസ്ക്കുകൾ പ്രയോജനപ്പെടുത്തേണ്ടതാണ്. പുനരുപയോഗിക്കാൻ കഴിയുന്ന 10 മാസ്ക്കുകൾ വീതം ഒരു വോളന്റിയർ നിർമ്മിച്ചാൽ ഒരു യൂണിറ്റിന് 1000 മാസ്ക് എന്ന ലക്ഷ്യത്തിലേക്ക് എത്താവുന്നതാണ്.

ഇത്തരത്തിൽ നിർമ്മിക്കുന്ന മാസ്ക്കുകൾ ലോക്ക് ഡൗൺ പിൻവലിച്ച ശേഷം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മാസ്ക് ചലഞ്ച് ക്യാമ്പയിനിലൂടെ 10 ലക്ഷത്തിൽ പരം മാസ്ക്കുകൾ ആണ് ഹയർ സെക്കണ്ടറി എൻ എസ് എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ നിർമ്മിക്കാൻ ലക്ഷ്യമിടുന്നത്.

യൂണിറ്റുകൾക്ക് മാസ്ക് ഒന്നിന് മൂന്ന് രൂപ എന്ന ക്രമത്തിൽ പരമാവധി 3000/- രൂപ 2020-21 വർഷത്തെ റെഗുലർ ആക്റ്റിവിറ്റി ഫണ്ടിൽ നിന്നും ക്രമീകരിക്കാവുന്ന രീതിയിൽ അഡ്വാൻസ് ചെയ്യാവുന്നതാണ്.

സ്കൂൾ പി ടി എ , പൊതു സ്പോൺസർഷിപ്പ് എന്നീ മാർഗ്ഗങ്ങളിലൂടെയും ആവശ്യമായ തുക കണ്ടെത്താവുന്നതാണ്. അത്തരത്തിൽ തുക സമാഹരിക്കുന്നുണ്ടെങ്കിൽ അതിന്റെ വിവരം ജില്ലാ കൺവീനർമാർ എൻ എസ് എസ് സെല്ലിനെ അറിയിക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തനത്തിൽ പങ്കെടുക്കുന്ന വോളന്റിയർമാർക്ക് അടുത്ത അക്കാദമിക്ക് വർഷത്തിൽ ആവശ്യമായ റെഗുലർ ആക്റ്റിവിറ്റി മണിക്കുറുകൾ അനുവദിക്കുന്നതാണ്.

കാലാവധി പൂർത്തിയാക്കിയ പ്രോഗ്രാം ഓഫീസർമാർ അസാധാരണമായ സ്ഥിതി കണക്കിലേടുത്ത് പകരം സംവിധാനം ഉണ്ടാകുന്നതുവരെ ചാർജിൽ തുടർന്ന് പ്രസ്തുത പ്രവർത്തനം യൂണിറ്റ് തലത്തിൽ ഏകോപിപ്പിക്കാൻ ശ്രദ്ധക്കേണ്ടതാണ്. ജില്ലാ കൺവീനർമാർ വഴി നൽകുന്ന ഗൂഗിൾ ഫോംമിൽ യൂണിറ്റ് തയ്യാറാക്കുന്ന മാസ്ക്കുകളുടെ വിവരം രേഖപ്പെടുത്തി 26/04/2020 നകം സമർപ്പിക്കേണ്ടതാണ്.

കോവിഡ് എന്ന മഹാമാരി ലോകത്തിനു ഭീഷണിയായ ഈ സമയത്ത് ഇന്ത്യയിലെ ഏറ്റവും കൂടുതൽ വോളന്റിയർമാർ ഉള്ള ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം ഏറ്റെടുക്കുന്ന പ്രസ്തുത പ്രവർത്തനം എല്ലാ പ്രൻസിപ്പൽമാരും പ്രോഗ്രാം ഓഫീസർമാരും അടിയന്തര ശ്രദ്ധ നൽകി കൃത്യതയോടെ പൂർത്തീകരിക്കേണ്ടതാണ്.

- മാസ്ക്കുകളുടെ സൈസ് - നീളം 17 സെ.മീ ഉം വീതി 14 സെ.മീ ഉം ആയിരിരിക്കണം.
- മാസ്ക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പരിപൂർണ്ണമായും കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചാണ് നടക്കുന്നത് എന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.
- മാസ്ക്കുകളുടെ നിർമ്മാണം മെയ് മാസം അഞ്ചാം തീയതിക്കകം പൂർത്തീകരിച്ച് ജില്ലാ കൺവീനർമാർ റിപ്പോർട്ട് നൽകേണ്ടതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ